ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭൂട്ടാന്റെ പരമോന്നത സിവിലിയൻ ബഹുമതി പ്രധാനമന്ത്രി നരേന്ദ്ര മോദി ഏറ്റുവാങ്ങി; ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുന്നതിനായി ഇരുരാജ്യങ്ങളും കരാറുകളിൽ ഒപ്പുവെച്ചു

   **Prime Minister Narendra Modi receives Bhutan's highest civilian honour; Both countries signed agreements to strengthen bilateral relations**

2. ഉപഗ്രഹ വിക്ഷേപണത്തിനും ചെലവ് കുറയ്ക്കുന്നതിനുമുള്ള ഇന്ത്യയുടെ സുപ്രധാന ചുവടുവയ്പ്പായ പുഷ്പക് ദൗത്യം വിജയകരമായി പൂർത്തിയാക്കി ഐഎസ്ആർഒ

   **ISRO successfully completes Pushpak mission, a major step forward for India in satellite launch and cost reduction**

3. മദ്യനയക്കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കോടതിയിൽ ഹാജരാക്കി. അപേക്ഷയിൽകോടതി തീരുമാനം ഉടൻ

   **Delhi Chief Minister Arvind Kejriwal, who was arrested in the liquor case, was presented in court by the Enforcement Directorate. Court decision on application soon**

4. നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട ആദ്യ പ്രമേയം ഐക്യരാഷ്ട്രസഭ അംഗീകരിച്ചു; എ ഐ സാങ്കേതികവിദ്യ മനുഷ്യാവകാശങ്ങളെ മാനിക്കുന്നതെന്ന് ഉറപ്പാക്കണമെന്ന് പ്രമേയം

   **The United Nations adopted the first resolution on artificial intelligence; Resolution to ensure that AI technology respects human rights**

5. ലോക്സഭാ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിയുക്തവുമെന്ന് ഉറപ്പാക്കാൻ 2100 അംഗ നിരീക്ഷക സമിതിയെ ചുമതലപ്പെടുത്തി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

   **The Central Election Commission has appointed a 2100-member monitoring committee to ensure that the Lok Sabha elections are free and fair.**

6. **ഐപിഎൽ ക്രിക്കറ്റ് 17-ാം സീസണ് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരം രാത്രി എട്ടിന് ചെന്നൈ സൂപ്പർ കിങ്സും റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും തമ്മിൽ.**

   **IPL Cricket 17th season starts today. The opening match is between Chennai Super Kings and Royal Challengers Bengaluru at 8 pm**

**&&&&&&&&&&&&&&&&&&**

## PM ORDER OF DRUK GYALPO –INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഭൂട്ടാനിലെത്തി. ഇന്ന് രാവിലെ പാറോയിലെത്തിയ ശ്രീ നരേന്ദ്ര മോദിയെ ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. ഭൂട്ടാൻ്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് ദി ഡ്രക് ഗ്യാൽപോ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നംഗ്യേൽ വാങ്ചുക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു.

***വിശദാംശങ്ങളിലേക്ക്......***

***(വോയിസ്)***

**&&&&&&&&&&&&&&&&&&**

## PM ORDER OF DRUK GYALPO-VOICE

ഭൂട്ടാൻ്റെ പരമോന്നത സിവിലിയൻ ബഹുമതി തൻ്റെ വ്യക്തിപരമായ നേട്ടമല്ല, മറിച്ച് 140 കോടി ഇന്ത്യക്കാരുടെയും അഭിമാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. എല്ലാ ഇന്ത്യക്കാരെയും പ്രതിനിധീകരിച്ച് അദ്ദേഹം ബഹുമതി സ്വീകരിക്കുകയും അവാർഡ് ലഭിച്ചതിൽ നന്ദി അറിയിക്കുകയും ചെയ്തു.തിംഫുവിലെ തഷിചോദ്സോങ് കൊട്ടാരത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഭൂട്ടാൻ രാജാവുമായി ചർച്ച നടത്തി. സവിശേഷവും അതുല്യവുമായ ഇന്ത്യ-ഭൂട്ടാൻ

സൗഹൃദത്തെ പുതിയ തലങ്ങളിലേക്ക് എത്തിക്കാനുള്ള ക്രിയാത്മകമായ ചർച്ചകൾക്ക് കൂടികാഴ്ച വഴിയൊരുക്കി. ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയും ഭൂട്ടാനും നിരവധി ഉഭയകക്ഷി കരാറുകളിൽ ഒപ്പുവെച്ചു . തിംഫുവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേയുടെയും സാന്നിധ്യത്തിൽ രേഖകൾ കൈമാറി. വികസനം, ജലവൈദ്യുതി, ഡിജിറ്റൈസേഷൻ, സാമ്പത്തിക ഉൾച്ചേർക്കൽ, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയുൾപ്പെടെയുള്ള മേഖലകളിലെ നിരവധി പദ്ധതികളിൽ ഇന്ത്യ ഭൂട്ടാനെ പിന്തുണയ്ക്കുന്നുണ്ട്. തിംഫുവിൽ ഗയാൽറ്റ്സുൻ ജെറ്റ്സൺ പെമ മദർ ആൻഡ് ചൈൽഡ് ഹോസ്പിറ്റലിൻ്റെ ഉദ്ഘാടനം നാളെ പ്രധാനമന്ത്രി നിർവഹിക്കും. തിംഫുവിൽ ഇന്ത്യയുടെ സഹായത്തോടെയാണ് അത്യാധുനിക ആശുപത്രി നിർമ്മിച്ചത്. ന്യൂസ് ഡസ്ക് ആകാശവാണി..........

**&&&&&&&&&&&&&&&&&&**

## KEJRIWAL-ARREST

മദ്യനയക്കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാളിനെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കോടതിയിൽ ഹാജരാക്കി. പത്ത് ദിവസത്തെ കസ്റ്റഡിയാണ് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കോടതിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. അപേക്ഷയിൽ കോടതി തീരുമാനം ഉടൻ മറുപടി പറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇഡി ഓഫീസിലെ ചോദ്യം ചെയ്യലിന് ശേഷമാണ് കെജ്രിവാളിനെ റോസ് അവന്യൂ കോടതിയിൽ എത്തിച്ചത്.കേജ്രിവാളിൻറെ അറസ്റ്റ് നടപടിക്രമങ്ങൾ പാലിച്ചാണെന്ന് ഇഡി കോടതിയിൽ വിശദീകരിച്ചു. നിർണായക വിവരങ്ങൾക്കായി കേസിലെ മറ്റു

പ്രതികൾക്കൊപ്പം അരവിന്ദ് കേജരിവാളിനെ ചോദ്യം ചെയ്യേണ്ടതുണ്ട് എന്നാണ് ഇഡിയുടെ വാദം. ഇഡിക്കായി അഡീഷണൽ സോളിസിറ്റർ ജനറൽഎസ്.വി.രാജു ഹാജരായി. കേജരിവാളിനായി മുതിർന്ന അഭിഭാഷകൻ മനു അഭിഷേക് സിംഗ്‌വിയാണ് ഹാജരായത്. കോടതിയ്ക്ക് പുറത്ത് കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയത്. കഴിഞ്ഞദിവസം രാത്രിയാണ് മദ്യനയക്കേസിൽ കേജരിവാളിനെ ഇഡി അറസ്റ്റ് ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ വസതിയിലെത്തി ചോദ്യം ചെയ്യതിന് പിന്നാലെയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. കേസിൽ ചോദ്യംചെയ്യലിനായി ഇ.ഡി ഒൻപത് സമൻസുകൾ അയച്ചെങ്കിലും, ഇത് രാഷ്ട്രീയപ്രേരിതമാണെന്ന് ചൂണ്ടിക്കാട്ടി അരവിന്ദ് കെജ്രിവാൾ ഹാജരായിരുന്നില്ല. അറസ്റ്റിനെതിരെ മന്ത്രിമാരുൾപ്പെടെയുള്ള ആം ആദ്മി പാർട്ടി നേതാക്കളും, പ്രവർത്തകരും ഡൽഹിയിൽ പ്രതിഷേധം നടത്തി.

&&&&&&&&&&&&&&&&&&

## ELECTION COMMISSION– OPPOSITION

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിൻ്റെ അറസ്റ്റിന് പിന്നാലെ പ്രതിപക്ഷം തിരഞ്ഞെടുപ്പ് കമ്മീഷൻ്റെ ഇടപെടൽ ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പ് പ്രക്രിയയെയും ജനാധിപത്യത്തെയും തകർക്കാൻ കേന്ദ്ര ഏജൻസികളെ ദുരുപയോഗം ചെയ്യുകയാണെന്ന് പ്രതിപക്ഷ പ്രതിനിധി സംഘം ന്യൂഡൽഹിയിൽ കമ്മീഷനുമായുള്ള കൂടിക്കാഴ്ചയിൽ ആരോപിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഇതാദ്യമായാണ് അധികാരത്തിലിരിക്കുന്ന മുഖ്യമന്ത്രി അറസ്റ്റിലാകുന്നതെന്നും അവർ ഊന്നിപ്പറഞ്ഞു. കോൺഗ്രസ്, ടിഎംസി, ഡിഎംകെ, ഇടതുപക്ഷം, സമാജ്‌വാദി പാർട്ടി നേതാക്കൾ സംഘത്തിൽ ഉണ്ടായിരുന്നു.

&&&&&&&&&&&&&&&&&&

## DELHI - ASSEMBLY

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻറെ അറസ്റ്റിൻറെ പശ്ചാത്തലത്തിൽ ഡൽഹി നിയമസഭയുടെ ഇന്ന് നടക്കാനിരുന്ന പ്രത്യേക സമ്മേളനം റദ്ദാക്കി. സഭയുടെ അടുത്ത സിറ്റിങ് ഈ മാസം 27ന് നടക്കും.

&&&&&&&&&&&&&&&&&&

## EC- POLL PREPARATIONS

ലോക്സഭാ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിയുക്തവുമാണെന്ന് ഉറപ്പാക്കാൻ 2,100 പേരടങ്ങിയ നിരീക്ഷക സമിതിയെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തി. ഇവർ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെയും റിട്ടേണിംഗ് ഓഫീസർമാരുടെയും മേൽനോട്ടം നിർവഹിക്കും. തിരഞ്ഞെടുപ്പ് പ്രക്രിയക്കിടയിലെ അനിഷ്ടസംഭവങ്ങൾ തടയുകയും സുരക്ഷാ സേനയെ വിന്യസിക്കുന്നതും അടക്കമുള്ള പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം നിരീക്ഷകർക്ക് ആയിരിക്കും. നീതിപൂർവ്വമായ തിരഞ്ഞെടുപ്പ് നടപടികൾ ഉറപ്പാക്കാൻ ഉദ്യോഗസ്ഥരുടെയും വോട്ടിംഗ് മെഷീനുകളുടെയും നിരീക്ഷണവും ഇവരുടെ ചുമതലയിൽ പെട്ടതായിരിക്കും. നിരീക്ഷകർ അവർക്ക് ചുമതലപ്പെട്ട മണ്ഡലങ്ങളിൽ തുടരുകയും വെബ്സൈറ്റുകളും വിവിധ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും തിരഞ്ഞെടുപ്പ് നടപടികൾ വിലയിരുത്തുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## REV. KARNATAKA-ISRO

ഐഎസ്ആർഒയുടെ പുനരുപയോഗ വിക്ഷേപണ വാഹനമായ പുഷ്പക് ഇന്ന് രാവിലെ കർണാടകയിലെ ചിത്രദുർഗയിലെ എയറോനോട്ടിക്കൽ ടെസ്റ്റ് റേഞ്ചിൽ വിജയകരമായി ഇറക്കി. ബഹിരാകാശ പേടകത്തിൻ്റെ

പ്രവർത്തനവും ലാൻഡിംഗും ഊർജ്ജ മാനേജ്മെൻ്റും പൂർണ്ണമായും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയതിന് ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥ് ടീമിനെ അഭിനന്ദിച്ചു. ഇന്ന് നടന്ന രണ്ടാമത്തെ പരീക്ഷണത്തിൽ, ബ്രേക്ക് പാരച്യൂട്ട്, ലാൻഡിംഗ് ഗിയർ ബ്രേക്കുകൾ, നോസ് വീൽ സ്റ്റിയറിംഗ് സിസ്റ്റം, ബോർഡ് നാവിഗേഷൻ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും, ഉയർന്ന വേഗതയുള്ള ലാൻഡിംഗ് സൃഷ്ടിക്കുന്ന സാഹചര്യങ്ങളെ നേരിടാനുള്ള അതിൻ്റെ കഴിവും ഐഎസ്ആർഒ വിജയകരമായി പരീക്ഷിച്ചു. ഇന്നത്തെ പരീക്ഷണം, നിരവധി ഉപഗ്രഹങ്ങൾ വിക്ഷേപിക്കാനും അതുവഴി ചെലവ് കുറയ്ക്കാനും ഇന്ത്യയുടെ ഭാവി പുനരുപയോഗ വിക്ഷേപണ വാഹനം നിർമ്മിക്കുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പാണ്.

&&&&&&&&&&&&&&&&&&

## UN- AI RESOLUTION

നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട ആദ്യ പ്രമേയം ഐക്യരാഷ്ട്രസഭാ ജനറൽ അസംബ്ലി അംഗീകരിച്ചു .എ ഐ സാങ്കേതികവിദ്യ മനുഷ്യാവകാശങ്ങളെ മാനിക്കുന്നതും സുരക്ഷിതവും എല്ലാ രാജ്യങ്ങൾക്കും പ്രയോജനപ്രദവും വിശ്വാസയോഗ്യവുമാണെന്ന് ഉറപ്പാക്കാൻ ശ്രമിക്കണമെന്ന് പ്രമേയം അനുശാസിക്കുന്നു. വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിലുള്ള ഡിജിറ്റൽ അന്തരം എഐ മുഖാന്തരം അവസാനിപ്പിക്കാനും പ്രമേയം ലക്ഷ്യമിടുന്നു. പ്രമേയത്തിന് 193 യു എൻ അംഗരാജ്യങ്ങളുടെയും പിന്തുണ ലഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## IPL

ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് 17-ആം സീസണ് ഇന്ന് തുടക്കം. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 8 മണിക്ക് നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിങ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനെ നേരിടും.

&&&&&&&&&&&&&&&&&&

## US RESOLUTION

പാലസ്തീൻ പൗരൻമാർക്ക് മാനുഷിക സഹായം പ്രാപ്തമാക്കുക, ഗാസയിൽ വെടിനിർത്തൽ നിലവിൽ വരുക എന്നിവ ലക്ഷ്യമിട്ടുള്ള അമേരിക്കയുടെ പ്രമേയത്തിൽ ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിൽ ഇന്ന് വോട്ട് തേടും. വെടിനിർത്തൽ കരാറിലെത്താനുള്ള നയതന്ത്ര നീക്കത്തിൻ്റെ ഭാഗമായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്റണി ബ്ലിങ്കൻ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ടെൽ അവീവിൽ ഇന്ന് കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

## INDIA – MAURITANIA

ഇന്ത്യയും ആഫ്രിക്കൻ രാജ്യമായ മൗറിറ്റാനിയയും തമ്മിലുള്ള ആദ്യ വിദേശകാര്യ ഉദ്യോഗസ്ഥതല യോഗം നവാക്ചോട്ടിൽ നടന്നു. രാഷ്ട്രീയ , സാമ്പത്തിക , വികസന , സാംസ്കാരിക മേഖലകളിലെ സഹകരണം യോഗത്തിൽ ചർച്ചാവിഷയമായതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയും മൗറിറ്റാനിയയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ക്രമാനുഗതമായ വളർച്ച രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## NORKA

സംഘർഷം നിലനിൽക്കുന്ന റഷ്യ, യുക്രെൻ മേഖലകളിൽ തോഴിലന്വേഷിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസും നോർക്ക റൂട്ട്സ് അധികൃതരും അറിയിച്ചു. ഈ മേഖലകളിലേക്ക് ഇടനിലക്കാർ വഴി തൊഴിൽ വാഗ്ദാനം ലഭിച്ച് പോയ ചിലർ തട്ടിപ്പിനിരയായ സാഹചര്യത്തിലാണ് അറിയിപ്പ്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൻ്റെ ലൈസൻസുള്ള അംഗീകൃത ഏജൻസികൾ വഴി മാത്രമേ തൊഴിൽ അന്വേഷണവും കുടിയേറ്റവും നടത്താൻ പാടുള്ളൂ എന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&&&&

## DGCA AIR INDIA

എയർ ഇന്ത്യ ലിമിറ്റഡിന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എൺപത് ലക്ഷം രൂപ പിഴ ചുമത്തി. ഫ്ലൈറ്റ് ഡ്യൂട്ടി ടൈം ലിമിറ്റേഷൻസ്, എഫ്ഡിടിഎൽ, തുടങ്ങിയവ സംബന്ധിച്ച നിയന്ത്രണങ്ങൾ ലംഘിച്ചതിനാണ് പിഴ ചുമത്തിയത്.

&&&&&&&&&&&&&&&&&&

## TREASURY

മാർച്ച് മാസത്തെ ബില്ലുകൾ പാസാക്കാൻ ട്രഷറികൾക്ക് കേരള സർക്കാർ നിർദേശം നൽകി. മാർച്ച് 19 വരെ ട്രഷറികളിൽ ലഭിച്ച എല്ലാ ബില്ലുകളും പാസാക്കി പണം നൽകാനാണ് നിർദേശം. 1,211 കോടി രൂപയാണ് വിതരണം ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&

&&&

&